LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ ടി.എ., ഡി.എ.

5 [5] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാന മന്ത്രിസഭയിലെ ഓരോ അംഗവും ടി.എ., ഡി.എ. ഇനത്തിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതേ കാലയളവിൽ ഓരോ മന്ത്രിമാരും ടെലിഫോൺ ചാർജ്ജ് ഇനത്തിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതേ കാലയളവിൽ ഓരോ മന്ത്രിമാരും മൊബൈൽ ഫോൺ ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും ലാന്റ് ഫോൺ, മൊബൈൽ ഫോൺ ഇനത്തിൽ ചെലവഴിച്ച തുക

6 [6] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 മേയ് 31 വരെ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും ലാന്റ് ഫോൺ, മൊബൈൽ ഫോൺ ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ അതിഥി സൽക്കാരം, ഔദ്യോഗിക വസതി മോടിപിടിപ്പിക്കൽ എന്നീ ഇനങ്ങളിൽ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇതേ കാലയളവിൽ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും ഔദ്യോഗികാവശ്യാർത്ഥം എത്രതവണ വീതം ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) 2004 മേയ് 31 വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും എത്ര തവണ വീതം ഡൽഹി യാത്ര നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(ബി) അതിഥി സൽക്കാരത്തിന് ചെലവായ തുക സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†† ഔദ്യോഗിക വസതി മോടിപിടിപ്പിക്കലിന് ചെലവായ തുക സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(സി) സന്ദർശിച്ച രാജ്യങ്ങളുടെ വിവരം അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.††† ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്.††††

സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് മൊബൈൽ ടെലഫോൺ

7 [7] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ചെലവിൽ സംസ്ഥാനത്ത് ഏതെല്ലാം ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ചെലവിൽ നൽകിയിട്ടുള്ള ഈ ടെലഫോണിൽ അവരെ ജനപ്രതിനിധികൾക്കും മറ്റും ബന്ധപ്പെടുന്നതിന്, ഈ ടെലഫോൺ നമ്പരുകൾ നൽകുന്നതിന് ഉദ്യോഗസ്ഥർ വൈമുഖ്യം കാണിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ ചെലവിൽ നൽകുന്ന ഈ മൊബൈൽ ഫോണുകളുടെ നമ്പരുകൾ, എം.എൽ.എ.-മാർക്കും മറ്റും ഉപകാരപ്രദമായ രീതിയിൽ പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുഭരണ വകുപ്പിൽനിന്നും, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ എന്നിവർക്കും എല്ലാ വകുപ്പു തലവൻമാർക്കും മൊബൈൽ ഫോൺ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവുകൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് സർക്കാർ ഏർപ്പെടുത്തിയിരുന്ന വിലക്കും പിൻവലിക്കുകയുണ്ടായി. സർക്കാർ ചെലവിൽ മൊബൈൽ ഫോൺ നൽകിയിട്ടുള്ള സംസ്ഥാനത്തെ മറ്റു ഉദ്യോഗസ്ഥൻമാരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

---

†, ††, †††, †††† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly